"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം -എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീ.മനീഷ് പി. മോഹൻ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും ടിയാൻ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. 37967/2025-ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.620/2026/AGRI തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-
1. എറണാകുളം ജില്ലാ കളക്ടറുടെ 18/08/2025 തീയതിയിലെ DCEKM/7737/2025-L5 നം.നടപടിക്രമം
2. ശ്രീ. മനീഷ് പി. മോഹൻ സർക്കാരിൽ സമർപ്പിച്ച 01/11/2025 & 27/12/2026 തീയതി രേഖപ്പെടുത്തിയ റിവിഷൻ ഹർജി.
3. ശ്രീ.മനീഷ് പി. മോഹൻ ഫയൽ ചെയ്ത WPC നം. 37967/2025 /2025 ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 27/10/2025-ലെ വിധിന്യായം.
4. എറണാകുളം ജില്ലാ കളക്ടറുടെ 16-05-2026 തീയതിയിലെ DCEKM/7737/2025-L5 നം. റിപ്പോർട്ട്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ സർവ്വേ നം. 575/5, 575/7ൽഉൾപ്പെട്ട ഭൂമി അനധികൃതമായി തരം മാറ്റിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് **2008**-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് **13** പ്രകാരം എറണാകുളം ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1 ) നടപടിക്രമത്തിനെതിരെ ശ്രീ മനീഷ്. പി. മോഹൻ പരാമർശം (2) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ടിയാൻ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. **37967/2026**റിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായത്തിൽ പ്രസ്തുത റിവിഷൻ ഹർജി പരിശോധിച്ചു തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

**2.**പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (4) പ്രകാരം എറണാകുളം ജില്ലാ കളക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:

മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ സർവ്വേ **575/5,575/7** നമ്പറിൽ പെട്ടതും നിലം ഇനത്തിലുള്ള തണ്ടപ്പേര് **19683** പ്രകാരം മനീഷ് പി മോഹൻ എന്നവരുടെ കൈവശത്തിൽ ഉള്ളതുമായ വസ്തുക്കളിൽ **30** മീറ്റർ നീളത്തിലും **5** മീറ്റർ വീതിയിലും ഒന്നര മീറ്റർ ഉയരത്തിലും പാറയുടെ അവശിഷ്ടം

നിക്ഷേപിച്ചു പരിവർത്തനപ്പെടുത്തി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം **2008** ലംഘിച്ചതായി ബോധ്യപ്പെട്ടതിനാൽ സെക്ഷൻ **13** നടപടി സ്വീകരിക്കാവുന്നതാണെന്ന് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ശ്രീ മനീഷ് പി മോഹൻ, തിരുമാറാടി വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരെ ഡെപ്യൂട്ടി കളക്ടർ **LR 27.06.2025**ൽ നേരിൽ കേൾക്കുകയുണ്ടായി. തിരുമാറാടി വില്ലേജിൽ **19683** നമ്പർ തണ്ടപ്പേരിൽ കൊണ്ട് കിടക്കുന്ന നിലം ഇനത്തിൽപ്പെട്ട സർവ്വേ **575/5, 575/7** നമ്പറിൽപ്പെട്ട പാടത്തിന് നടുവിലൂടെ വാഹനഗതാഗതം ചെയ്തുവന്നിരുന്ന നിലവിൽ ഉണ്ടായിരുന്ന വഴിയുടെ ഇരുവശങ്ങളിലുമായി ഒന്നര മീറ്റർ ഉയരത്തിൽ പാറമക്കു നിക്ഷേപിച്ചും മണ്ണിട്ട് ഉയർത്തി വഴിയാക്കിയിട്ടുള്ളതായും പരാതിക്കടിസ്ഥാനമായ സ്ഥലത്തിന് നിലവിൽ ശരാശരി **15 meter** വീതിയും **57 meter** നീളവും ഉള്ളതായും മുൻപ് സ്ഥലത്തുണ്ടായിരുന്ന വഴിക്ക് മൂന്ന് മീറ്റർ വീതി ഉണ്ടായിരുന്നതായും പ്രാദേശിക അന്വേഷണം നടത്തിയതിൽ മുൻപുണ്ടായിരുന്ന വഴിക്ക് **40** വർഷത്തിന് മുകളിൽ കാലപ്പഴക്കം ഉണ്ടായിരുന്നതായും പ്രാദേശിക അന്വേഷണത്തിൽ അറിവ് ആയിട്ടുള്ള തായും വില്ലേജ് ഓഫീസറും, നിലവിലുള്ള റോഡിന്റെ ഇരുവശത്തും ക്വാറിയിൽ നിന്നുള്ള പാറ വേസ്റ്റ് നിക്ഷേപിച്ച് നിലം നികത്തിയിട്ടുള്ളതായും ഈ സ്ഥലത്ത് വെള്ളം കെട്ടി നിൽക്കുന്നതായും വെറ്റ്ലാൻഡ് ആയി നിലനിർത്തേണ്ട വസ്തുവാണെന്നും ഡാറ്റാബാങ്ക് പകർപ്പ് സഹിതം കൃഷി ഓഫീസറും വിചാരണ വേളയിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കക്ഷി സ്റ്റേറ്റ്മെന്റ് ഒപ്പം സമർപ്പിച്ചിട്ടുള്ള **IA 3/24 in RSA 290/2021** നമ്പർ കേസിലെ ഉത്തരവിൽ പ്രസ്തുത റോഡ് നന്നാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും അനുവദിച്ച **6** മീറ്റർ വീതിയിൽ വീതി കൂട്ടരുതെന്നും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ യാതൊരു അവകാശവാദവും ഉന്നയിക്കരുത് എന്നും റോഡ് വീതി കൂട്ടുന്നില്ലെന്ന് തിരുമാറാടി ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണെന്നും വിധി ആയിട്ടുണ്ടായിരുന്നു. കക്ഷിയെ നേരിൽ കേട്ടതിന്റെയും വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിയമലംഘനം ബോധ്യപ്പെട്ടിട്ടുള്ളതിനാൽ **2008**ലെ കേരള നെൽവയൽ തണ്ണീർത്തന സംരക്ഷണ നിയമം സെക്ഷൻ **13** പ്രകാരം അനധികൃത നിലം പരിവർത്തനം നടത്തിയ ഭാഗങ്ങൾ പൂർവസ്ഥിതിയിലാക്കാൻ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

3. റിവിഷൻ ഹർജിക്കാരുടെ വാദഗതികൾ താഴെ പറയും പ്രകാരമാണ്:

ജില്ലാ കളക്ടർ ആരോപിക്കുന്നത് പോലെ സ്ഥലം വെറ്റ്ലാൻഡ് അല്ല. അവിടെ ഒരു ക്വാറി പ്രവർത്തിച്ചു വരികയാണ്. ക്വാറിയിലേക്ക് നിലവിൽ ഉണ്ടായിരുന്ന വഴി മഴ കാരണം നശിച്ചു പോയിരുന്നു. ഭൂമി തരം മാറ്റുന്നതിന്ഫോറം **5** അപേക്ഷ സമർപ്പിച്ചിരുന്നു. പഞ്ചായത്ത് പ്രസ്തുത റോഡ് അവരുടെ ആസ്തി രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണ്. അതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് പഞ്ചായത്തുമായി തർക്കം നിലനിൽക്കുന്നുണ്ട്. ആയതിനാൽ തനിക്കെതിരെ ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള സെക്ഷൻ **13** നടപടിക്രമം നിലനിൽക്കില്ല.

4.ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി റിവിഷൻ പെറ്റിഷണർക്ക് **19.5.2026** തീയതിയിൽ കൃഷിവകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിങ്ങിനുള്ള അവസരം നൽകിയിരുന്നു. ഹിയറിങ്ങിൽ കക്ഷിക്ക് വേണ്ടി അഡ്വക്കേറ്റ് ശാന്തി ഹാജരായി. തിരുമാറാടി കൃഷി ഓഫീസറും,എറണാകുളം **L.R.** ഡെപ്യൂട്ടി കളക്ടറും ഹിയറിങ്ങിൽ പങ്കെടുത്തു.സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് കക്ഷിയും പഞ്ചായത്തുമായി തർക്കം നിലനിൽക്കുന്നതിനിടയിൽ ജില്ലാ കളക്ടർ തന്റെ കക്ഷിക്ക് എതിരെ സെക്ഷൻ **13** നടപടിയെടുത്തത് നിലനിൽക്കില്ലെന്നും ക്വാറിയിലേക്ക് വർഷങ്ങളായി വഴി നിലവിലുണ്ടായിരുന്നുഎന്നും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീതി കൂട്ടുക മാത്രമാണ് ചെയ്തതെന്നും അഡ്വക്കേറ്റ് ശാന്തി ബോധിപ്പിച്ചു. അനധികൃതമായി ക്വാറിവേസ്റ്റ് ഇട്ട് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി നികത്തിയതിനാൽ ആണ് ജില്ലാ കളക്ടർ സെക്ഷൻ **13** ക്രമം എടുത്തതെന്ന് ഡെപ്യൂട്ടി കളക്ടറും കൃഷി ഓഫീസറും അറിയിച്ചു.

5.ജില്ലാ കളക്ടറുടെ റിപ്പോർട്ട്, ഹിയറിങ്ങിൽ ലഭ്യമായ വിവരങ്ങൾ, സ്ഥലത്തിന്റെ തൽസ്ഥിതി തെളിയിക്കുന്ന ചിത്രങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി **IA 3/24 in RSA 290/2021** നമ്പർ കേസിൽ ഉപാധികളോടെയാണ് വഴിയുടെ വീതി **6** മീറ്ററിൽ നിശ്ചയിച്ച് വീതി കൂട്ടാൻ അനുവാദം നൽകിയിരുന്നത്. എന്നാൽ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടിൽനിന്നും പാടത്തിന് നടുവിലൂടെ വാഹനഗതാഗതം ചെയ്തുവന്നിരുന്ന നിലവിൽ ഉണ്ടായിരുന്ന വഴിയുടെ ഇരുവശങ്ങളിലുമായി ഒന്നര മീറ്റർ ഉയരത്തിൽ പാറമക്കു നിക്ഷേപിച്ചും മണ്ണിട്ട് ഉയർത്തി വഴിയാക്കിയിട്ടുള്ളതായും പരാതിക്കടിസ്ഥാനമായ സ്ഥലത്തിന് നിലവിൽ ശരാശരി **15 meter** വീതിയും **57 meter** നീളവും ഉള്ളതായും മുൻപ് സ്ഥലത്തുണ്ടായിരുന്ന വഴിക്ക് മൂന്ന് മീറ്റർ വീതി ഉണ്ടായിരുന്നതായും പ്രാദേശിക അന്വേഷണം നടത്തിയതിൽ മുൻപുണ്ടായിരുന്ന വഴിക്ക് **40** വർഷത്തിന് മുകളിൽ കാലപ്പഴക്കം ഉണ്ടായിരുന്നതായും പ്രാദേശിക അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞെന്ന് വില്ലേജ് ഓഫീസറും, നിലവിലുള്ള റോഡിന്റെ ഇരുവശത്തും ക്വാറിയിൽ നിന്നുള്ള പാറ വേസ്റ്റ് നിക്ഷേപിച്ച് നിലം നികത്തിയിട്ടുള്ളതായും ഈ സ്ഥലത്ത് വെള്ളം കെട്ടി നിൽക്കുന്നതായും വെറ്റ് ലാൻഡ് ആയി നിലനിർത്തേണ്ട വസ്തുവാണെന്നും ഡാറ്റാബാങ്ക് പകർപ്പ് സഹിതം കൃഷി ഓഫീസറും അറിയിച്ചിരുന്നു.ഇതിൽ നിന്നും കക്ഷിയുടെ ഭാഗത്ത് നിന്നും തണ്ണീർത്തട നിയമത്തിലെ ലംഘനം ഉണ്ടായതായി ബോധ്യപ്പെടുന്നു. തണ്ണീർ തടത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലമല്ല എന്ന് കക്ഷിവാദിക്കുമ്പോൾ തന്നെ ആയത് തരം മാറ്റുന്നതിന് വേണ്ടി കക്ഷി ഫോറം **5** അപേക്ഷ സമർപ്പിച്ചിരുന്നതായി കാണുന്നു. അതിൽ നിന്നും സ്ഥലം തണ്ണീർത്തടത്തിൽ ഉൾപ്പെട്ടതാണെന്ന് ബോധ്യമാകുന്നു.

**6.** മേൽ സാഹചര്യത്തിൽ ശ്രീ. മനീഷ് മോഹൻ,പുളിക്കമറ്റത്തി,സൗത്ത്

മാറാടി ,മൂവാറ്റുപുഴ, എറണാകുളംജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചും അപ്രകാരം പരാമർശം (3) പ്രകാരമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ **WP(C)No.37967/2025** കേസിലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 02-07-2026 16:00:33
സെക്ഷൻ ഓഫീസർ

1. അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)
2. ജില്ലാ കളക്ടർ ,എറണാകുളം.
3. ശ്രീ.മനേഷ് പി.മോഹൻ, മാനേജിംഗ്  പാട്നർ, നവോലിമറ്റം ഗ്രാനൈറ്റ്സ്, പുളിക്കമറ്റത്തിൽ, സൗത്ത് മാറാടി, പി.ഒ., മൂവാറ്റുപുഴ, എറണാകുളം.
4. കൃഷി ഓഫീസർ, തിരുമാറാടി, മൂവാറ്റുപുഴ.
5. വില്ലേജ് ഓഫീസർ, തിരുമാറാടി.
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം. എൻസിഎ2/74/2026/അഗ്രി)